
ചിറകുകൾ
St.Joseph's C G H S Kanjoor



# ആശംസ

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന "ചിറകുകൾ" എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. വളരട്ടെ .....നിങ്ങളിലെ സർഗാത്മക ക്രിയകൾ അറിയട്ടെ ....നിങ്ങളിലെ സിദ്ധിവിശേഷണങ്ങൾ പൊലിയട്ടെ....ദൈവം വിതറിയ പൊൻമണി വിത്തുകൾ

ലോകം കൈകുമ്പിളിലാകുമ്പോൾ അയൽക്കാരനെ തിരിച്ചറിയാതെ പോകുന്ന ഈ നാളുകളിൽ എല്ലാവരേയും അറിയാൻ നിങ്ങൾക്കാകട്ടെ സംഘശേഷിയിലൂടെ പരസ്പരമറിയട്ടെ ....ചിറകുകൾ ചലിക്കുമ്പോൾ സർഗാത്മക ശേഷികൾ വാനോളം ഉയരട്ടെ ജനനന്മയ്ക്ക് ഉതകട്ടെ.

എന്ന് ഹെഡ്മിസ്ട്രസ്

സി.ആൻസിനി

# ആശംസ

2018-ലെ പ്രളയത്തിന്റെ ദുരിതങ്ങളിൽ നിന്ന് ഒറ്റക്കെട്ടായി നിന്നുകൊണ്ട് അതിജീവിക്കാൻ നമ്മെ സഹായിച്ചത് അധുനികകാലഘട്ടത്തിന്റെ ആശയവിനിമയസാങ്കേതികവിദ്യകൾ തന്നെയാണ് കൈറ്റ്സിലെ അംഗങ്ങൾ കുട്ടികളിലെ മികവുകൾ വളർത്താൻ അവർ രചിച്ച രചനകൾ ശേഖരിച്ച് അതൊരു മാഗസിനാക്കി. അവരുടെ സംഘശേഷിയെ അഭിനന്ദിക്കുന്നതിനോടൊപ്പം എല്ലാവിധ ആശംസകളും നേർന്നുകൊള്ളുന്നു

എന്ന് സ്കൂൾ ലീഡർ

സന്ദഷ ടി എസ്

# ഉള്ളടക്കം


സൗഹൃദ്ദം..........................................1
മദർ തെരേസ എന്ന അമ്മ..................2
അമ്മ പിരിഞ്ഞ മകൾ........................3
Ants At The Olympic.........................4
പ്രണയം.............................................5
Blessing...........................................6
I Miss My Beautiful Childhood...........7
Control Your Temper.........................8
Fire And Ice.......................................9
കടങ്കഥകൾ......................................10
Redefining Failures.........................11
കേരളത്തിന്റെ ഏകത്വം...................12
Mathematics Of Life.........................13
മഴ.....................................................14
ഒരു പക്ഷിയുടെ വിലാപം...................15
പ്രകൃതി.............................................16

സഞ്ചാരിയാം നിഴൽ..............................17
മാതൃഹൃദയം....................................18
പഴഞ്ചൊല്ലുകൾ..................................19
സഹായത്തിന്റെ വില...........................20
കുസൃതി ചോദ്യങ്ങൾ...........................21
ദാനം മഹാദാനം...............................22
ഓർമ്മിക്കേണ്ട ദിനങ്ങൾ.....................23
The Butterfly...................................24
The Precious Words.........................25
The Value Of Discipline.....................26
Wings For Lion................................27
കുഞ്ഞുണ്ണി കവിതകൾ.......................28
പ്രളയത്തെ അതിജീവിച്ച കേരളം.....29
മരണമെന്ന ഒറ്റപ്പെടൽ.......................30
മഹത് വചനങ്ങൾ.............................31

# സൗഹൃദം



സൗഹൃദം എന്നൊരു മൂന്നക്ഷരമല്ല
ഒരായിരം ഓർമ്മകൾ മനസ്സിൽ
ഒളിച്ചു വയ്ക്കുന്ന ജീവിതമാണ്.
താങ്ങായും തണലായും ഒരുപിടി
കൂട്ടുകാർ എന്നുമുണ്ട് എന്റെ അരികിൽ
ആദ്യ നിമിഷങ്ങളിൽ ഒന്നും പറയുവാനാകാതെ
എങ്ങോ മറയുന്ന സൗഹൃദം
ആയിരം ദീപങ്ങൾ കത്തിജ്ജ്വലിക്കുന്നപോലെ
മായാതെ എന്നും എന്റെ സൗഹൃദം
ഒന്നിച്ചും കളിച്ചും നടക്കും എന്നും എന്റെ
കൂട്ടുകാർ കൂടെയുണ്ട്
എന്റെ ജീവിതത്തിന്റെ വെളിച്ചം
ആ കൂട്ടുകാരാണ്.
ഒരു പിടി ഓർമ്മകൾ പങ്കുവയ്ക്കാൻ
ആ മധുര നിമിഷത്തിനായ് കാത്തിരിക്കുന്നു
ഒരിക്കലും നിലക്കില്ല ഈ സൗഹൃദം

**BY**
**SREELAKSHMI J.S**
**X B**

# മദർ തെരേസ എന്ന അമ്മ



1910 ആഗസ്റ്റ് 26-ന് യുഗോസ്ലാവിയയിൽ സ്കോപജെ പട്ടണത്തിൽ ജനിച്ച ആഗ്നസ് ഗോൺ ഹാബൊാക്സ്യു എന്നായിരുന്നു ആദ്യപേര്. നിക്കോളോ ബൊജാക്സ്യുയുടെയും ഡ്രാനാഫില് ബെർണായുടെയും മകളായിരുന്നു മദർ തെരേസ.

1929-ൽ ഇന്ത്യയിലെത്തി ഡാർജിലിങ്ങിൽ സന്യാസികളുടെ കേന്ദ്രത്തിൽ സന്യാസ വിദ്യാർത്ഥിനിയായി തുടർന്ന്.1931 മെയ് 24-ന് സഭാവസ്ത്രം സ്വീകരിച്ചു.1937 മെയ് 14 സിസ്റ്റർ തെരെസ നിത്യവ്രതം സ്വീകരിച്ചു.

കർമ്മദേശമായ ഭാരതവും ലോകം മുഴുവനും മദർ തെരെസയുടെ പുണ്യപ്രവർത്തികളെ പ്രോത്സാഹിപ്പിച്ചു.ഒട്ടേറെ അവരെ തേടിയെത്തി.1962 ജനുവരി 26-ന് റിപ്പബ്ലിക് ദിനത്തില് പദ്മശ്രീ നൽകി മദറിനെ ഭാരതം ആദരിച്ചു ആ വർഷം തന്നെ മാഗ്സസെ അവാർഡും തുടർന്ന് 1972-ൽ അന്തർദേശീയ ധാരണയ്ക്കുള്ള അവാർഡും ലഭിച്ചു.

1997-ൽ മദർ സുപ്പീരിയർ സ്ഥാനമൊഴിഞ്ഞ അവർ ആ വർഷം സെപ്റ്റംബർ 5-ന് അന്തരിച്ചു. 2003 ഒക്ടോബർ 19-ന് ജോൺ പോൾ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. സെപ്റ്റംബർ 4-ന് ഫ്രാൻസിസ് പാപ്പ മദറിനെ വിശുദ്ധയായി ഉയർത്തി.

BY

ALEENA ANTU

IX B

# അമ്മ പിരിഞ്ഞ മകൾ



ഒരു സ്നേഹത്തിന്റെ കുടുംബമുണ്ടായിരുന്നു. ആ വീട്ടിൽ അച്ഛനും അമ്മയും ചേട്ടനും പിന്നെ ഞാനും.ഞാന് ആരാണെന്നും പരിചയപ്പെടുത്തില്ലല്ലോ.ഞാനാണ് അമ്മു.എന്തൊരം സ്നേഹമുള്ള കുടുംബമായിരുന്നു എന്റേത്.ഇപ്പോൾ എനിക്ക് ആരുമില്ലാണ്ടായി. ചേട്ടനും ഞാനും മാത്രം. ചേട്ടൻ എവിടെയെങ്കിലും പോയാൽ ഞാൻ ഒറ്റയ്ക്കാകും അവിടെ എല്ലാം ഇരുട്ടിലാണ്. ഒരു ലൈറ്റ് പോലും ഇല്ല. ഞാൻ എഴുന്നേൽക്കുമ്പോൾ ആരെയും കാണാറില്ല.എനിക്ക് ഇങ്ങനെ തനിച്ചിരിക്കുമ്പോൾ എന്റെ അമ്മയുടെ ഓർമ്മ വരും. അമ്മ മാനസികരോഗിയാണെന്ന് പറഞ്ഞാൽ ഏതൊരു മകൾക്കാണ്.എന്റെ അമ്മയ്ക്ക് മരുന്ന് കഴിക്കാൻ മടിയായിരുന്നു. എന്റെ ദുഃഖവും വേഷവുമെല്ലാം സാവധാനം മാറിക്കൊണ്ടിരുന്നു. പിന്നെ പേടിച്ചിട്ട് അപ്പൻ അമ്മയെ ആശുപത്രിയിൽ കൊണ്ടുപോയി കിടത്തി. പിന്നെ ഞാൻ എന്റെ അമ്മയെ കണ്ടിട്ടില്ല. ആശുപത്രിയിൽ ഉണ്ട് എന്റെ പൊന്നമ്മച്ചി. എനിക്ക് താങ്ങാൻ ആവുന്നില്ല.

BY
JUVALNA JOHNY
IX D

# ANTS AT THE OLYMPIC

At last year's jungle Olympics
The ants were completely outclassed
In fact, from an enter of sixty-two teams, the
Ants came their usual last

They didn't win one single medal. Not
that that's a surprise.
The reason was not lack of trying, But
more their unfortunate size.

While the cheetahs won most of the sprinting
And the hippos won putting the shot, The
Ants tried sprinting but couldn't And tried
to put but could not.

It was sad for the Ants 'cause they're sloggers. They
turn out for every event.
With their shorts and their bright orange tee-shirts,
Their athletes are proud they are sent.

They came last at the high jump and hurdles,
Which they say they'd have won, but they fell.
They came last in the four hundred meters and
last in the swimming as well.

**By,**
**Aleena paul**
**IX B**

# പ്രണയം



മയിൽ പ്പീലി പോലെയെൻ  പ്രണയം
നിന്നെ തലോടുമ്പോൾ
എൻ  ഉള്ളു  തുടിക്കും
ഏതോ  മന്ദസ്മിതത്താൽ.
നീയെൻ  അരികിൽ
ഉണ്ടായിരുന്നെങ്കിൽ ഞാനെന്നും
പൂവണിഞ്ഞീടും..................

BY
Britty Benny
X A

# അനുഗ്രഹം




അച്ഛനാശീർവദിച്ചു വളർന്നുയരണം
അമ്മാശീർവദിച്ചു മിടുക്കിയാവണം
ഗുരുക്കൻമാർശ്ശീർവദിച്ചു
ഉന്നതനാവണം

കാലമറിയിച്ചു - വൻവൃക്ഷമായി പന്തലിക്കണം

പൂക്കൾ പറഞ്ഞു - എങ്ങും സുഗന്ധം പടർത്തണം

കാറ്റ് മന്ത്രിച്ചു - ഗതിയനുസരിച്ച് നീങ്ങണം

പുഴയേറ്റ് പിടിച്ചു -എതിരെ തുടിക്കണം

ഞാൻ അത് ഏറ്റ് ചൊല്ലി - എന്നു പതറാതെ നിൽ
ക്കണം

ഈ വഴി നിന്റെ യാത്ര കാലമേറെ
കടന്നു........വർഷസന്ധ്യകൾ............
ഋതുക്കൾ........ ശിശിരവസന്തങ്ങൾ.......
പിന്നോട്ടൊഴുകി, ആര് പറഞ്ഞത് ശരി.....
ഓരോ പടവുകൾ പിൻതുടർന്നു
എല്ലാവരും കണ്ണടച്ചു

ചിറകുകൾ

# എങ്ങും എത്തിയില്ല, ആരും തുണച്ചില്ല

# കാലം കനച്ചു നിന്ന്

BY

ATHIRA SANTHOSH

X D

# I MISS MY BEAUTIFUL CHILDHOOD




Oh! How i miss my childhood days,
with its bitter cold, dry, winter days,
bright, sunny and warm days,
wet moist and dark rainy days,

I remember those bitter cold times,
when we used to sit by the heart,
I remember the beautiful christmas days,
How eagerly i used to wait for santa's presents!

I remember the happy childhood times,
We played and danced by the bloomed flowers,
The bright mornings and playful evenings,
The golden sunny summer days upon the sandy beaches,

I remember those beautiful rainy days,
The drops pouring down the window pane,

When i played in frequent showers,

And splashed muddy water.

Then call the fall....

The leaves turned golden, brown and orange,

I used to pile up the fallen leaves,

And then jumped over these,

Oh! How i miss my beautiful childhood

Those seasons that made it the most memorable

BY

ANJANA DAS

IX B

# CONTROL YOUR TEMPER



There was once a little boy who had a very bad temper. His father decided to hand him a bag of nails and said that every time the boy lost his temper, he had to hammer a nail into the fence.

On the first day, the boy hammered 37 nails into that fence. Finally, the boy gradually began to control his temper over the next few weeks, and the number of nails he was hammering into the fence slowly decreased.

He discovered it was easier to control his temper than to hammer those nails into the fence.

Finally the day came when the boy didn't lose his temper at all. He told his temper at all. He

told his father the news and the father suggested that the boy should now pull out a nail everyday. He kept his temper under control.

Then the days passed and the young boy was finally able to tell his father that all the nails were gone. The father took his son by the hand and led him to the fence and said" you have done well, my son, but look at that holes in the fence. The fence will never be the same. When you say things in anger, they leave a scar just like this one. You can put a knife in a man and draw it out. It won't matter how many times you say I'm sorry, the wound is still there"

MORAL OF THE STORY:

Control your anger, and don't say things to people in the heat of the moments that you may regret later. Some things in life, you are unable to take back.

BY

ASWATHY S KUMAR

X C

# <u>Fire and ice</u>



some say the world will end in fire.
some say in ice.
From what I’ve tasted of desire.
I hold with those who favour fire.
But if it had to perish twice.
I think I know enough of hate.
To say that for destruction ice.
Is also great.
And would suffice.

**BY**
**Jomiya sunny**
**IX C**

# കടങ്കഥകൾ

1. കണ്ണില്ലെങ്കിലും കരയും.

ഉ. മേഘം

2. ഇലയില്ല പൂവില്ല കായില്ല കരിവള്ളി.

ഉ.തലമുടി



3. ഇത്തിരി മുറ്റത്തഞ്ച് കാവൽക്കാർ.

ഉ. കൈ വിരൽ

4. ഒരു ഭരണിയിൽ രണ്ടച്ചാർ.

ഉ. മുട്ട

5. ഞെട്ടിയില്ല വട്ടിയില്ല

ഉ. പപ്പടം

6. അകത്ത് രോമം പുറത്ത് ഇറച്ചി.

ഉ. മൂക്ക്

7. ആയിരം കുഞ്ഞുങ്ങൾക്ക് ഒരു ബെൽറ്റ്

ഉ. ചൂല്

By,
Anna Nixon
IX B

# REDEFINING FAILURES

Ever failed in an exam? ever had an idea you get so involved and failed even after sincere effort. Well this is what world called "FAILURES". But failures is one step that brings your closer to success. Never forget that success is the product of rapid correction and clearance of our mistake rather than getting things right at first time. Remember failures is not something that bad, but revel to admit that you have failed will taste bitter in near future. Never get stub burn or anxious by instead of accepting and trying to fix back the losses. This is not going to work admit your defeat let go off yours ego. The better you realize your failure the more you start looking for ways to restore your losses.

Always follow your heart, chase you passions find your own ways to feed your thirst and look out for new opportunities.

St. Joseph's C G H S Kanjoo

Most importantly be thankful to your opponent, it means to be grateful to the one gave you an opportunities to grow again strengthen again and strike again

REMEMBER: The greatest glory is not never falling, rising up each time when fall

BY

SREERENJINI K S

X A

# കേരളത്തിന്റെ ഏകത്വം

പ്രളയദുരിതം മനുഷ്യർക്കിടയിലുള്ള എല്ലാ മതിലുകളും തകർത്തെറിഞ്ഞു.മനുഷ്യബന്ധങ്ങൾക്കിടയിൽ വളർന്നുവന്നുകൊണ്ടിരിക്കുന്ന മതിലുകളെക്കുറിച്ചാണ് ചർച്ചചെയ്യുന്നത്.



പഴയതലമുറയിലെ നിഷ്കളങ്ക മനുഷ്യർ കറപുരളാത്ത സൗഹൃദം കൊണ്ട് ഒന്നായിരുന്നു. അവർക്കിടയിൽ ജാതിമതങ്ങളോ,വർണ-വർ ഗങ്ങളോ, ദാരിദ്ര-സമ്പന്നതകളോ  വിലങ്ങു തടിയായി നിന്നിരുന്നില്ല. പക്ഷേ കാലം മാറുകയും പുതിയ സാമുദായിക സാമൂഹിക സമവാക്യങ്ങൾ രൂപപ്പെടുകയും ചെയ്തതോടെ മനുഷ്യർക്കിടയിൽ മതിലുകളും മുളച്ചുപൊന്താൻതുടങ്ങി.  സ്വാർഥതയും, അസൂയയും, അസഹിഷ്ണുതയും ബന്ധങ്ങളെപിടിച്ചുലയ്ക്കാൻ ആരംഭിച്ചു .

സ്നേഹസൗഹൃദങ്ങൾക്ക് എത്തിപ്പെടാനാവാത്ത

വിധം മനുഷ്യർക്കിടയിൽ അദൃശ്യമായ മതിലുകൾ നിലനിൽക്കുന്നുവെന്നത് വസ്തുതയാണ്. മനുഷ്യർ അവരവരുടെ പുരയിടം മതിൽകെട്ടിത്തിരിക്കുകയും അകത്ത് പ്രവേശിക്കാൻ ഗേറ്റുണ്ടാക്കുകയും മറ്റും ചെയ്യുന്നത് സുരക്ഷിതത്വം മുൻനിർത്തിയാണ്.

പക്ഷേ ദൃശ്യമായ ഈ മതിലുകൾ പോലും അയൽപക്ക സൗഹൃദങ്ങളുടെ സുഗമമായ ഒഴുക്കിന് തടസ്സംനിൽക്കുന്നു. മതിലുകളും ഗേറ്റുകളും പലതിനും തടസ്സമാണ് എന്ന കാര്യം 2018 ഓഗസ്റ്റിലുണ്ടായ കനത്ത വെള്ളപ്പൊക്കത്തിൽ നാം കണ്ടറിഞ്ഞതാണ് .രക്ഷാപ്രവർത്തിന് മതിലുകളും ഗേറ്റുകളും ശക്തമായ ഭീഷണിയാണ് ഉയർത്തിയത്.വള്ളത്തിലും മറ്റും ആളുകളെ സുരക്ഷിത സ്ഥാനത്തെത്തിക്കാൻ ഇവ വലിയ തടസ്സം തന്നെയുണ്ടാക്കി.

എന്നാൽ കേരളീയ ജനത ഉണർന്നു പ്രവർത്തിച്ച അവസരമായിരുന്നു പ്രളയകാലം എന്നത്

എടുത്തു പറയേണ്ട കാര്യമാണ്. മനുഷ്യർക്കിടയിലെ അദൃശ്യമായ മതിലുകൾ തകർന്നടിയുന്ന കാഴ്ച്ചയാണ് നാം കണ്ടത്. ജാതിമത

വ്യത്യസമില്ലാതെ, സമ്പന്നദരിദ്ര ഭേദമില്ലാതെ, സ്ത്രീ പുരുഷ വിവേചനമില്ലാതെ

ആബാലവൃദ്ധം ജനങ്ങളും പ്രളയദുരിതാശ്വാസത്തിൽ ശരീരംക്കൊണ്ടും മനസ്സുക്കൊണ്ടും പങ്കെടുക്കുന്ന കാഴ് ചയ്യാണ് പ്രളയദിനങ്ങളിൽ കേരളം സാക്ഷിയായത് സമയോചിതമായ ഇത്തരം ഇടപെടലുകൾ അനേകം ജീവൻ

രക്ഷിച്ചു. അനേകം മനുഷ്യേതര ജീവികൾക്ക് മനുഷ്യർ തുണയായി.സർക്കാർ

സംവിധാനങ്ങളുംസംഘടനങ്ങളും,പൊതുജനങ്ങളും,സാമൂഹിക മാധ്യമങ്ങളും പത്രങ്ങളുമെല്ലാം ഈ അവസരത്തിൽ ലക്ഷ്യബോധത്തോടെ പ്രവർത്തിച്ചു.

പക്ഷേ,

ഇങ്ങനെയോക്കെയാണെങ്കിലും,മനുഷ്യർക്കിടയിൽ അവൻ അദൃശ്യമായി കെട്ടിപൊക്കിയമതിലുകള്പൂർ

മായുംതകര്ന്നുപോയിട്ടുണ്ട എന്ന്സംശയിക്കേണ്ടിയിരി-
ക്കുന്നു.ജാതി മതങ്ങളുടെശക്തമായ വേലിക്കെട്ടുകൾ
മനുഷ്യനെ ഇന്നുംവേർത്തിരിക്കുന്നു.
സാമൂഹികമായസമത്വം അപരിഹാര്യവും
അപ്രായോഗികവും ഒരു സമസ്യയായി ഇന്നും
തുടരുന്നു.സാമുദായികാചാരങ്ങൾ സമുദായങ്ങൾ
തമ്മിലുള്ള അകൽച്ചയ്ക്ക്
പലപ്പോഴുംകാരണമാകുന്നു.രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ
സ്വാർഥതയുടെയും സ്വജനപക്ഷത്തിന്റെ-യും
കറപുരണ്ടതായി മാറിയിരിക്കുന്നു.ഉദ്യോഗസ്ഥരംഗവും,
പൊതുരംഗവുംഅഴിമതിയുടേയും,
അക്രമത്തിന്റെയും,തീവ്രനിലപാടുകളുടെയും
വിളഭൂമിയായിരിക്കുന്നു.

ഈ അവസ്ഥാവിശേഷം നമ്മുടെ
പുരോഗതികുംവിലങ്ങുതടിയാണ്. ലക്ഷ്യബോധമുള്ള
ജനകീയ സർക്കാരുകളും, വിശാലമനസ്കരായ

സാമൂഹിക പ്രവർത്തകരും, മാറ്റങ്ങളെ സർവാത്മനാ ഉൾ

ക്കൊള്ളാൻ സന്മനസ്സുള്ള

പൊതുജനവും രൂപപ്പെട്ടുവന്നാൽ മാത്രമേ ഈ

ദു:സ്ഥിതിയിൽ നിന്നും നമുക്ക്

മോചനമുള്ളൂ.

BY

ATHIRA K.L

X C

# ***MATHEMATICS OF LIFE***

** HAPPY + SAD = LIFE*

** "2got" and "2give" create many problems.*

** "4got" and "4give" solve many problems.*

*"SO, ENJOY THIS LIFE."*

*BY*
*MARIA JAISON*
*IX B*

# മഴ



തൂമലർമൊട്ടുപോൽ താഴേക്കു
പൊഴിയുന്ന മഴയേ........
നിൻ സ്പർശനമേറ്റ ഞാൻ
പുഞ്ചിരി തൂകിടുന്നു........
ദുഃഖമായിരുന്ന എൻ ഹൃദയത്തെ
നീ ആഹ്ളാദമൊഴുക്കുന്ന
പൂഞ്ചോലയാക്കി മാറ്റി...........

**BY**
**Britty Benny**
**X A**

# ഒരു പക്ഷിയുടെ വിലാപം



പുത്തുലഞ്ഞ കതിരൊളിപാടങ്ങൾ-
നിരപ്പാക്കു നിങ്ങൾ.
സൗധങ്ങൾ ഉയർത്തിയില്ല.
മലർവാടിയിൽ നൃത്തമാടി-
നടക്കുന്ന പക്ഷികൾ
സന്ധ്യയുടെ വിരാമങ്ങളിൽ
തലചായ്ക്കാനിട-
മില്ലാതെ അലഞ്ഞുപോയി.
വസിക്കാൻ ഒരു മരം പോ-
ലുമില്ല,ഭക്ഷിക്കാൻ ഒരു-
ഫലം പോലുമില്ല.
എന്തിനു ദ്രോഹം
ഒരു തുള്ളിജലം പോലും
ബാക്കിവെക്കാതെ.
ജലമൊഴുകുന്ന അരുവികൾ
പുഴകൾ,കുളങ്ങൾ
എല്ലാം കേവലം ഓർമ്മ മാത്രം.

BY
FATHIMATHU SUHARA
VIII C

# പ്രകൃതി



കാണാനെന്തൊരു
ഭംഗിയാണെൻെറ പ്രകൃതി നി
തൊട്ട് തലോടുന്ന
അമ്മയായിരുന്നു നി
അന്നം നൽകുന്ന  കരങ്ങൾക്ക്  താങ്ങാന്നു  നി
എൻെറ  പ്രാണൻെറ ജീവതേജസ്സാണു നി

എരിയുന്ന  വേനലിൽ  തണലേകുന്നതും  നി
പൊതിയുന്ന  തണുപ്പിൽ  കുളിരേകുന്നതും നി
നിശാ  നിദ്രക്ക് മടിത്തട്ടുനൽകുന്നു  നി
ദാഹം അലട്ടുന്ന  നേരത്ത്  ആശ്വാസമാം മഴ നൽകുന്നു
നി
കാലമാം മനുഷ്യക്കരുതിയിൽ  തേങ്ങിടുന്നു നി
എന്നിൽ നിന്ന് എന്നേക്കും യാത്രയാകുന്നു നി

by
ALIYA HASHIM
IX A

# സഞ്ചാരിയാം നിഴൽ



ദൂരങ്ങൾ താണ്ടി നടന്നു നീങ്ങി ഞാൻ
നാട്ടും ,നഗരവും,കാട്ടും,മലയുമെല്ലാം
എൻ പിന്നിലായ്,ഞാനോ മുന്നിലായ് നീങ്ങി
വേഗത്തിൽ ഒന്നു നിന്നു എൻ കാലുകൾ
വാനിലെ ആദിത്യകിരണങ്ങൾ
മെല്ലെയൊന്നു തട്ടി തലോടി നീങ്ങിമറഞ്ഞു
എൻ മൃദുവാം മേനിയിലൂടെ
പതിയെ ഞാൻ പിന്നിലേക്കായ്

നോട്ടമിട്ടു,ശീതളാനുഭൂതിയാൽ
എൻ ഹൃദയത്തിൽ  കുളിർമഴപെയ്തു
ഇറങ്ങുമ്പോൾ അറിഞ്ഞില്ല ഞാൻ
എങ്ങുപോകണമെന്നും എങ്ങനെയെന്നും
ബാല്യത്തിൽ കടന്നുവരുമായിരുന്നു
ചില കാട്ടുകളും മലകളും എൻ കിനാവിൽ

ഏകയായ് തുടങ്ങിയ ജീവിതം
ഏതയായ് നിൽപ്പു ഞാൻ ഇന്നേരവും
എങ്കിലും അന്നുമിന്നും എന്നും

കൂടെ സഞ്ചരിച്ചവൾ എൻ നിഴൽ
എന്നും കൂടെയിരുന്നു എൻ
വിജയപരാജയങ്ങളിൽ നിറയെ

    വിജയം ആനന്ദങ്ങളും പരാജയദുഃഖങ്ങളും
ഏറ്റുവാങ്ങിയ സഹചാരിയാം നിഴൽ
കണ്ണൊന്നിമവെട്ടിയപ്പോൾ കണ്ടതെല്ലാം
സ്വപ്നമെന്നു കരുതിപ്പോയി ഒരു നിമിഷം
കിനാവുകളായ് കാണുമായിരുന്ന ബാല്യത്തിൽ
ഭൂമിയുടെ ഉയർന്ന കൊടുമുടികളെ
ഏകയായിരുന്നു അന്നും ഇന്നും
ഇന്നു ഞാൻ ആ ഭൂമിയുടെ
ഉയർന്ന കൊടുമുടികൾ താണ്ടി
ഉയർന്നു നിൽപ്പുയെങ്കിലും
എന്നെ പിരിയാതെ സഞ്ചരിച്ചുഎൻനിഴൽ


BY
ACHSAH PAULOSE
X B

## മാതൃഹൃദയം



സ്നേഹവും      ത്യാഗവും
ഒന്നിച്ച ചേർന്നൊരു
കാരുണ്യ പാൽക്കടലാണമ്മ
പാരിതിലെങ്ങും  പ്രകാശം  പരത്തും
വാത്സല്യപൊൻവിളക്കമ്മ...............
അമ്മ.......... എന്നമ്മ............

താരാട്ടുപാടിയുറക്കുമെന്നമ്മ
സ്ിേനഹത്താലെന്നെ  തലോടുമെന്നമ്മ
എൻ വികാരങ്ങൾ  അറിയുന്നൊരമ്മ
എൻ കൂട്ടുകാരി  എൻ സ്വന്തമമ്മ
അമ്മയെയാണെനിക്കേറെയിഷ്ടം
അമ്മയെ പോലെയാകാനെനിക്കിഷ്ടം
വാത്സല്യമെന്ന വാക്കോതിടുമ്പോൾ
ഓർക്കുന്നു ഞാനാമുഖം
ഉലകത്തിൽ കാണപ്പെടും ദൈവമമ്മ
അമ്മ.............. എന്നമ്മ .....................

**BY**
തസ്ല ഹരീഫ്
**X A**

# പഴഞ്ചൊല്ലുകൾ

- മടിയൻ മല ചുമക്കും
- ഐകമത്യം മഹാബലം
- മുളയിലറിയാം വിള
- മിന്നുന്നതെല്ലാം പൊന്നല്ല
- ഇരയിട്ടു മീൻ പിടിക്കുക
- ഉർവശി ശാപം ഉപകാരം
- വിതച്ചതേ കൊയ്യു
- എഴുതാപ്പുറം വായിക്കരുത്
- കുരയ്ക്കും പട്ടി കടിക്കില്ല
- അടി തെറ്റിയാൽ ആനയും വീഴും
- വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
- അധികമായാൽ അമൃതം വിഷം

BY

Anna vinson

**IX A**

# സഹായത്തിന്റെ വില



ഒരിക്കൽ ഒരിടത്ത് രണ്ട് സഹോദരന്മർ താമസിചിരുന്നു. അവരുടെ അമ്മയും അയച്ഛനും മരിച്ചുപോയി. അവർക്ക് സുന്ദിയായ ഓരു സഹോദരിയുണ്ടാരിരുന്നു. മൂത്തവൻ അരുണെന്നും രണ്ടാമത്തവൻ അർജ്ജുനെന്നുമാണ്. ഓരു ദിവസം രണ്ടുപേരും സന്തോഷത്തോടെ ജോലി ചെയുവാനായി പോവുകയായിരുന്നു. അപ്പോൾ ആ വഴി ഓരു കുട്ട നിറയേ മാമ്പഴവുമായി ഓരു സ്ത്രീ നടന്നുവരുന്നത് അവർ കണ്ടു പെട്ടെന്ന് ആ സ്ത്രീ കല്ലുട്ടി നിലത്ത് വീണു. കുട്ടയിലെ മാമ്പഴമെല്ലാം തഴെക്ക് ചാടി . ആ സഹോദരൻ അത് കണ്ട് ആ സ്ത്രീയെ എഴുന്നേൽപ്പിച്ച് മാമ്പഴമെല്ലാം പെറുക്കിവെച്ച് ആ സ്ത്രീക്ക് വേണ്ട ആവശ്യങ്ങൾ എല്ലാം ചെയ്തു് കൊടുത്ത് അവർ ജോലിക്ക് പോയി. ഒരു ദിവസം അവർ പതിവുപോലെ ജോലി ചെയ്യാൻ വേണ്ടി പോവും വഴി പെട്ടെന്ന് അർജ്ജുൻ തല കറങ്ങി വീണു . അരുൺ പെട്ടെന്ന് അർജ്ജുനേയും കൊണ്ട് ഹോസ്പിറ്റലി

പോയി.അവിടെ ചെന്നപ്പോൾ ഡോക്ടർ പറഞ്ഞു.അർജ്ജുന് ഒരു കിഡ്ണിക്ക് തകരാറുണ്ട്.അതിനാൽ അർജ്ജുന്ന് ഒരു കിഡ്ണി പെട്ടെന്ന് തന്നെ വേണം അരുൺ

കുറച്ച് നേരം കഴിഞ്ഞ് ഡോക്ടർ പറഞ്ഞു:"കിഡ്ണി വേണ്ട അർജ്ജുന് കിഡ്ണി കിട്ടി കഴിഞ്ഞു".അരുൺ ചോദിച്ചു എവിടെന്ന് ....ആരുതന്നു.അവൻ നിങ്ങൾക്ക് ചെയ്ത സഹായം ചെറുതല്ല വലുതാണ് .അവരെ നിങ്ങൾ സഹായിച്ചിട്ടുണ്ട്.അരുൺപെട്ടെന്ന് ആ സ്ത്രീയുടെ അടുത്ത് ചെന്ന് നന്ദി പറഞ്ഞു.അവർക്ക് ആരും ഇല്ലാതതിനാൻ അവർ അവരെ വീട്ടിലേക്ക് കൊണ്ടുപോയി. അർജ്ജുൻ അരുണിനോട് ചോദിച്ചു എനിക്ക് ആരാണ് കിഡ്ണി തന്നത് .ഈ സ്ത്രീയാണ് നിനക്ക് കിഡ്ണി തന്നത് .അർജ്ജുൻ പെട്ടി കരഞ്ഞ് നന്ദി പറഞ്ഞു.അവർ സ്ത്രീയെ സ്വന്തം അമ്മയെപോലെ കണ്ടു. അവർ സന്തോഷത്തോടെ ജീവിച്ചു.............

By
sona babu
**VIII C**

# കുസൃതി ചോദ്യങ്ങൾ



#എത്ര വലിച്ചാലും നീളില്ല അത് ചെറുതാകും?

ഉ.സിഗരറ്റ്

#തല കുത്തി നിന്നാൽ വലുതാകുന്നതാര്?

ഉ.6

#മധുരിക്കുന്ന കര?

ഉ.ശർക്കര

#വെട്ടും തോറും നീളം കൂടുന്നതെന്ത്?

ഉ.കുഴി

#കടയിൽ കിട്ടാത്ത റേഷൻ?

ഉ.ഓപ്പറേഷൻ

#ആരും യാത്ര ചെയ്യാത്ത ബസ്സ്?

ഉ.സിലബസ്സ്

#ഒരിക്കലും ഒടിയാത്ത വില്ല്?

ഉ.മഴവില്ല്

#സ്ത്രീകൾക്ക് ഇഷ്ടമുള്ള ഭരണം?

ഉ.ആഭരണം

BY

SANA FATHIMA E.S

IX B

# ദാനം മഹാധാനം



പണ്ടു പണ്ട് പോളണ്ടിലെ ഒരു കൊച്ചു പട്ടണം ആയിരുന്നു , ലൂയിസ് . അവിടുത്തെ പ്രഭുക്കൻമാരായ ഗ്രേസ് രാജ്ഞിയുടെയും, വില്യം ജേയിംസ് രാജവിന്റെയും മകനായിരുന്നു ഫെഡറിക്ക്. ജന്മനാ ഫെഡറിക്ക് ഒരു അന്ധനായിരുന്നു. അവൻ തൻെറ ജീവിതത്തിൽ കണ്ട ഏറ്റവും വലിയകുറവായിരുന്നത്. 13 വയസ്സുള്ള അവൻ ഈ ലോകത്തെ കാണാൻ ആഗ്രഹിച്ചു. രാജകൊട്ടാരത്തിലേക്ക് ജോലിക്കാരെ ആവശ്യമുണ്ടെന്ന് അവർ അറിഞ്ഞു. അവർ ലൂയീസിലേക്ക് യാത്രയായി, അവർ ലൂയീസിലെത്തി. കൂടെ അവരുടെ മകൻ വിൻസൻ ഉണ്ടായിരുന്നു. അവർക്ക് ലൂയീസ് പട്ടണം വളരെ ഇഷ്ട്മായി .കൊട്ടാരത്തിലെ പിന്നാബുറ കാഴ്ചകളാണ്

അവർക്ക് ഏറെ ഇഷ്ടമായത് .കൊട്ടാരത്തിൽ അവർക്ക് ജോലികിട്ടിയശേഷം അവരുടെ കഷ്ട്പ്പാടുകൾ കുറഞ്ഞു. നല്ലൊരു വിദ്യാലയത്തിൽ വിൻസനെ ചേർത്തു. അവൻ പഠിക്കാൻ മിടുക്കനായിരുന്നു. എത്ര കഷ്ട്പ്പെട്ടായാലും വിൻസനെ പഠിപ്പിക്കാൻ മാതാപിതാക്കൾ തിരുമാനിച്ചു . നാല് ദിവസം അവന് പള്ളിക്കൂടം ഉണ്ടായിരിന്നില്ല . അങ്ങനെയിരിക്കെ ഒരു ദിവസം കൊട്ടാരത്തിൽ എത്തിയ ഡോക്ടറെ അവൻ

കണ്ടു.അവിടെ താഴത്തെനിലയിലെ ഒരു മുറിയിലേക്ക് ഡോക്ടർ ചെല്ലുന്നത് അവൻ കണ്ടു.ആ മുറിയിലേക്ക് അവൻ എത്തി നോക്കി. വീൽചെയറിൽ ജീവിതം തള്ളിനീക്കുന്ന ഫെഡറിക്കിനെ അവൻ കണ്ടു.അവനെ സുസ്രൂഷിക്കാൻ ധാരാളം പേരും ഉണ്ടായിരുന്നു. ഒരു ദിവസം രാജഞിയും ,രാജീവും പുറത്തുപോയ വേളയിൽ

അപ്പോൾ വിൻസൻ ഫെഡറിക്കിന്റെ മുറിയിൽ ചെന്നു. അവർ പരിചിതരായി. അവൻ ഫെഡറിക്കിനെ രസിപ്പിച്ച് അവന്റെ മനസിനെ ഉണർത്തി. .സന്തോഷവും ,ദുഃഖവും അവർ പങ്കുവെച്ചു .അവരുടെ കൂടികാഴ്ച

പതിവായി ഒരു ദിവസം ഇവരിരുവരെയും ഫെഡറിക്കിന്റെ പിതാവ് കണ്ടുപ്പിടിച്ചു. പിന്നെ കണ്ടുമുട്ടലുകൾ ഒഴുവാക്കി. പിന്നെ ഒരു ദിവസം ഫെഡറിക്ക് ദൈവത്തോട് സംസാരിക്കുന്നത് വിൻസൻ കണ്ടു.എന്തിനാ ദൈവമെ എനിക്ക് ഈ ജീവിതം,കാഴ്ചയില്ലീതെ.ഇത് ഫെടറിക്കിനെ തളർത്തി. എല്ലാവർക്കും എല്ലാ കഴിവുകളും ഉണ്ടാകില്ല എന്നു പറഞ്ഞ് ഫെടറിക്കിനെ സമാധാനിപ്പിച്ചു.അവരുടെ സംസാരം ഫഡെറിക്കിന്റ പിതാവ് കണ്ടെത്തി. കണ്ടുമുട്ടലുകൽ അവർ ഒഴുവാക്കി . ഫെഡറിക്കിനെ ലോഗം കാണിക്കാൻ വിൻസൻ ആഗ്രഹിച്ചു .

# ഓർമ്മിക്കേണ്ട ദിനങ്ങൾ

1. ലോക ജനസംഖ്യ ദിനമേത്?
   ജൂലൈ 11
2. രക്തസാക്ഷി ദിനമായി ആചരിക്കുന്ന ദിനം?
   ജനുവരി 30
3. പത്രസ്വാതന്ത്ര്യ ദിനമേത്?
   മെയ് 3
4. മനുഷ്യാവകാശദിനമായി ആചരിക്കുന്നത് എന്ന്?
   ഡിസംബർ 10
5. ദേശീയ തപാൽ ദിനം?
   ഒക്ടോബർ 10
6. ലോക തൊഴിലാളി ദിനം?
   മെയ് 1
7. ഇന്ത്യൻ സാമ്പത്തിക കലണ്ടറിലെ ആദ്യമാസം?
   ഏപ്രിൽ
8. ലോക പൈതൃകദിനം?
   ഏപ്രിൽ 14
9. ദേശീയ ശാസ്ത്ര ദിനം
   ഫെബ്രുവരി 28

By
Sreya Shiju
IX A

# The Butterfly



A man found a cocoon of a butterfly. One day a small opening appeared. He sat and watched the butterfly for several hours as it struggled to force its body through that little hole

Until it suddenly stopped making any progress and looked like it was struggled and seemed that it was struck. So the man decided to help the butterfly. He took a pair of scissors and snipped of the remaining of the cocoon. The butterfly then emerged easily although it had a swollen body and small shriveled wings.

The man didn't think anything of it and sat there waiting for the wings to enlarge to support the butterfly. But that didn't happened. The butterfly spent the rest of its life unable to fly, crawling around with tiny wings and a swollen body

Despite the kind heart of the man, he didn't understand that the restricting cocoon and the struggle needed by the butterfly to get itself through the small opening ;were god's way of

**forcing fluid of the body into its wings to prepare itself for flying once it was out of the cocoon**

**moral of the story ; our struggle in life develop our strengths. Without struggles we can never grow and never get stronger. So it's important for us to tackle challenges on our own and not be relying on help from others.**

**By**
**Devika S. Kumar**
**VIII A**

# THE PRECIOUS WORDS



Once upon a time in a far away village there lived a little boy. His name was Ramu. His parents passed away when he was just 4 years old. He lived with his grandparents. Ramu had a best friend. His name was Appu.

One day Ramu said to his grandma "grandma i am going to Appu's house to play carrom" But his grandmother was not interested for sending Ramu to play. Just because it was a rainy day. But Ramu disobeyed his grandmother and ran to Appu's house. He was sick when he returned. And began to sneeze Then his grandma said "if you had obeyed me you may not sneeze now

"Grandparents are precious gift. Don't disobey them"

BY

Neha sony

VIII B

# The Value Of Discipline

Discipline means learning to obey certain rules of conduct. The very essence of discipline is obedience to rule. In order words discipline means the willing submission of a person to rules and regulations and instructions recognised by society. If there is no discipline in life, there is anarchy. There are two main aspects of discipline. One of the moral aspect which is covered with the individual and his inner equalities. The other is the social aspect which governs the external behaviour of a person in the society. The family having no discipline throughout their life becomes a den of quarers and is ultimately divided. Discipline must be observed in all walk of life. It provide mental, strength and physical fitness to discriminate the good and prosperous living.

It is a must for an orderly society. A discipline country becomes strong and achieves success of the highest order. Thus we see that discipline is a precious treasure.

BY

Raihana K A

VIII C

# WINGS FOR LION



Long ago, there lived a lion in a forest. He always wanted to fly up in the sky. One day he called all the birds in the forest to his Den. "I wanted to fly. How can I do that? I want your help"; The lion said. The birds didn't know what to do. The sparrow said; "Mr. Owl is very wise. We must ask his help". Every body agreed Mr. Owl was not with them because' he slept during the day. All the birds got to Mr. Owl and said all that had happened. "Oh a lion cannot fly. We can't do any thing to help him", Mr owl said "But, Mr owl he is the king. If we don't help him he will punish me". Ms eagle said. Every body agreed


with Ms eagle. Mr owl thought for a while and said, “The lion to meet me on the top of mountain”. Mr owl flew away. He went straight to Mr bear who was the artist in forest Mr owl asked Mr bear to make a pair of wings with branches. Then he asked all the birds to give some of their feathers to wings he made out of branches. Next day the lion became to mountain top. “Here are your wings. Mr bear will give on to you”. Mr owl said : The lion was over joyed. Mr bear give the wings on to the lion. Next moment the lion got to the edge of mountain and jump down! He fell right in to the river. He somehow swam ashore. He never wanted to fly again.

BY

**VANDANA. V**

IX B

# കുഞ്ഞുണ്ണി കവിതകൾ



**മിട്ടായി**

**ആയി ഠായി  മിട്ടായി**

**തിന്നപ്പോളെന്തിഷ്ടായി**

**തിന്നു കഴിഞ്ഞപ്പോ കഷ്ടായി.**

**പൂച്ച**

**പൂച്ച നല്ല പൂച്ച**

**വൃത്തിയുള്ള പൂച്ച**

**പാലുവച്ച പാത്രം**

**വൃത്തിയാക്കി തന്നു.**

# പ്രളയത്തെ അതിജീവിച്ച കേരളം



2018-ലെ പ്രളയം നമുക്ക് മറക്കാനാകത്തതാണ്. ഇപ്പോഴും നമ്മിൽ അതിൽ നിന്ന് മോചനം നേടിയിട്ടില്ല നിരവധി പേരുടെ വീട്ടു ഉപകരണങ്ങൾ, വിദ്യാർത്ഥിളുടെ നോട്ട് ബുക്കകൾ, പാഠപുസ്തകങ്ങൾ എന്നിവ നഷ്ടപ്പെട്ടു. ഈ പ്രളയം തീരാനഷ്ടം വിതച്ചെങ്കിലും. അതിൽ നിന്ന് ധൈര്യം പൂർവം നമ്മൾ മേചനം നേടി. ഈ പ്രളയം കടന്നു പോയത് നിരവധി പാഠങ്ങൾ പകർന്നനല്കിയാണ്. ജാതിയോ മതമോ, പണക്കാരനെന്നോ പാവപ്പെട്ടവരെന്നോ എന്ന് ഒന്നും നോക്കാതെ എല്ലാവരും ഒത്തൊരുമിച്ച് ഒരുമിച്ച് കൈപിടിച്ച് സഹായിച്ചും സഹകരിച്ചും ഈ പ്രളയം നമ്മൾ നേരിട്ടു.

വെള്ളപ്പൊക്കത്തിൽ നഷ്ടപ്പെട്ട തുണികൾ കൊണ്ട് നെയ്ത്തപാവകളാണ് ചേക്കട്ടി പാവകൾ. താൻ അധ്വാനിച്ച നെയ്ത്ത തുണികൾ നഷ്ടപ്പെട്ട് പോയെങ്കിലും ആ തുണികളിൽ നിന്ന് പുതിയൊരു പാവകളെ നിർമ്മിച്ചെടുത്തു. തന്നെ എത്ര തളർത്തിയാലും അതിൽ തളിരില്ല എന്ന

ആത്മവിശ്വാസം ധൈര്യം പകർന്നു തരുകയാണ് കേരളം ജനതകൾ.

1924-ൽ വന്ന പ്രളയവും, 2018-ൽ വന്ന പ്രളയവും നമുക്ക് ഒരു പാഠമാണ്. ഈ എത്രമാത്രം പ്രളയം വന്നാലും താൻ അതിൽ തളരില്ല. എല്ലാവരും ഒരുമിച്ച് ഒറ്റക്കെട്ടായി നിൽക്കും. അതിനെ അതിജീവിച്ച് മറികടക്കും എന്ന വിശ്വാസം തരുകയാണ് 2018-ലെ കാഴ്ചകൾ.

By

Akhila P.P

VIII B

# മരണം എന്ന ഒറ്റപ്പെടൽ



പൂത്തു നിൽക്കുന്ന പൂമരമാണ്
സൗഹൃദം
കാലത്തിൻെറ വേഗതയിൽ
അത് വാടാതിരിക്കട്ടെ
എവിടെയൊ ജനിച്ച
എവിടെയോ ജീവിച്ച
നമ്മളെ കാലാപ്രവാഹം സുഹൃത്തുക്കളാക്കി ഒന്നിപ്പിച്ച

ഈ ജീവിത യാത്രയുടെ അവസാനം
കണ്ടുമുട്ടാനും വേർപിരിയാനും വിധിക്കപ്പെട്ട ഈ
ലോകത്ത് സ്വന്തമെന്ന് പറയാൻ "സൗഹൃദം മാത്രം"
ആവശ്യത്തിലധികം ആരുടെയും ജീവിതത്തിൽ
അധികാരമോ അവകാശമോ കാണിക്കാതിരിക്കാം.
സ്വയം വേദനിക്കാതിരിക്കാനും ഏറ്റവും നല്ലത് അത്
തന്നെയാണ് .
കൂടെ പറക്കാൻ വണ്ടി കൂടെപ്പിറപ്പിനെ
പോലെ കൂട്ടുകാരും മതി
ജീവിതം എന്ന മനോഹാരിതയ്ക്ക് മാറ്റ് കൂട്ടാൻ.

മനസ്സ് കൊണ്ട് സ്നേഹിച്ചാൽ ഉള്ള കുഴപ്പം
എന്തെന്നാൽ,
ആ ചിന്തയെ ഒന്നു മറന്നു കിട്ടാൻ
നമ്മുടെ മരണത്തെ മുൻനിർത്തണം
മരണം പരിഹാരമല്ലൊന്നിനും എന്നറിയാം.
ചില നേരങ്ങളിൽ മനസ്സ് പോലും കൈവിട്ട്
പോകുമ്പോൾ ഗതിയില്ലാതെ മരണത്തെ
നമ്മൾ സ്നേഹിച്ചു പോകും എന്നതാണ് സത്യം.
ഞാൻ എന്നിലേക്ക് തന്നെ മടങ്ങുകയാ........
പ്രതീക്ഷിക്കാനൊ....കാത്തിരിക്കാനോ
ആരും ഇല്ലാത്ത ലോകത്തേക്ക് ..
ഞാൻ എന്ന പാഴ്ജന്മം.

ഇല്ലായിരുന്നെങ്കിൽ വേദനിക്കുന്ന ഹൃദയങ്ങളുടെ
എണ്ണത്തെ പരിമിതപ്പെടുത്താനാവുമായിരുന്നു.
ഒരിക്കൽ ഞാൻ ക്ഷണിക്കപോലും ചെയ്യാതെ
എൻെറ ജീവിതത്തിലേക്ക് ഒരു സുഹൃത്തായി
വന്നു കടന്നു
മറ്റ് എല്ലാവർക്കും ഇടക്ക് എവിടെയോ എന്നെയും
എൻെറ കുറവുകളെയും സ്നേഹിച്ച്
എന്നെ ദു:ഖത്തിലാഴ്ത്തി
എന്നിൽ നിന്നും കടന്നു പോയി

ചിറകുകൾ

ദാനമായ് കിട്ടിയ സ്നേഹത്തെ
കടമായി എൻെറ ഹൃദയത്തിൽ ഇന്നും സൂക്ഷിക്കുന്നു
ആരോടും ഒന്നും പറയാൻ ബാക്കി വെയ്ക്കാതെ
ഞാനും പോകും. തിരിച്ചറിയാനാവാതെ ആ
ലോകത്ത് സ്ഥാനം പിടിക്കാൻ ഞാൻ എന്നിലേക്ക്
തന്നെ മടങ്ങുകയാ.........
പ്രതീക്ഷിക്കാനോ , കാത്തിരിക്കാനോ
ആരും ഇല്ലാത്ത ലോകത്തിലേക്ക്
സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും വിധിക്കപ്പെട്ട,
ഈ ലോകത്തേക്ക് സ്വന്തമെന്ന് പറയാൻ
"ഒരിറ്റ് കണ്ണുനീർ മാത്രം" അടർന്നു വീഴുന്ന
ഓരോ ഇലകൾക്കും മടുത്ത കഥ . ഞാൻ എന്ന
പാഴ് ജന്മത്തിൻെറ കഥ .
മരണമെന്ന മധുര സ്വപ്നത്തിൻെറ കഥ ..........

BY
ANNA LIJO
X C

# മഹത് വചനങ്ങൾ



1.ഇന്നലെയിൽ നിന്ന് പഠിക്കുക
ഇന്ന് ജീവിക്കുക
നാളെപറ്റി പ്രതീക്ഷിക്കുക

-ഐൻസ്റ്റൈൻ

2.അടഞ്ഞവാതിൽ തന്നെ നോക്കിനിൽക്കുന്നതു കൊണ്ടാണ്
തുറന്നവാതിൽ കാണാതെപോകുന്നത്

-ഹെലൻ കെല്ലർ

3.ഏതു പ്രതിസന്ധികളേയും തരണം ചെയ്യാനുള്ള
കരുത്താർജിക്കതാണ് വിദ്യാഭ്യാസം

-മഹാത്മാ ഗാന്ധി

4.കറുപ്പ് ഒരു മോശം നിറമാണ് എന്നാൽ ഓരോ
ബ്ലാക്ക് ബോർഡുകളാണ് വിദ്യാർത്ഥികളുടെ
ജീവിതം ശോഭനമാക്കുന്നത്

-എ.പി.ജെ അബ്ദുൽ കലാം

5. മതമേതായാലും മനുഷ്യൻ നന്നായാൽ മതി

-ശ്രീനാരായണഗുരു

സന്തുഷ ടി.എസ്
IX B


Thank You